മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഒരു കാൻസർ കെയർ സെന്റർ ആരംഭിക്കുകയാണെങ്കിൽ അവർക്ക് ആശ്വാസമാകും. അതുകൊണ്ട് തൃശ്ശൂർ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഒരു കാൻസർ കെയർ സെന്റർ ആരംഭിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): 2002-ൽ തൃശ്ശൂരിൽ 437-ഉം പാലക്കാട് 323-ഉം മലപ്പുറം 337-ഉം കാൻസർ രോഗികൾ റീജിയണൽ കാൻസർ സെന്ററിൽ എത്തിച്ചേർന്നിട്ടുണ്ട്. കേരളത്തിലെ ജനങ്ങളിൽ ഒരു ലക്ഷം പേരിൽ 100 മുതൽ 120 വരെ പേർക്ക് എന്ന നിരക്കിൽ പ്രതിവർഷം കാൻസർ രോഗം പിടിപെടുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 20 ലക്ഷം ജനസംഖ്യയുള്ളിടത്ത് 2000 മുതൽ 2500 വരെ കാൻസർ രോഗികൾ ഉണ്ടാകും. സാമ്പത്തികവും ശാരീരികവുമായ വിഷമതകൾ അനുഭവിക്കുന്ന പല രോഗികളും ചികിത്സാ കേന്ദ്രങ്ങളിൽ എത്തുന്നില്ല എന്നതാണ് മേൽപ്പറഞ്ഞ സ്ഥിതിവിവരകണക്കുകൾ സൂചിപ്പിക്കുന്നത്. ആകെയുള്ള കാൻസർ രോഗികളിൽ കുറച്ചുപേർ കോഴിക്കോട് മെഡിക്കൽ കോളേജിലും അമല കാൻസർ സെന്ററിലും പോകുവാൻ ഇടയുണ്ട്. രോഗികൾ റീജിയണൽ കാൻസർ സെന്ററിൽ വരാനുള്ള പ്രധാന കാരണം, ഇവിടെ ഒരു കുടക്കീഴിൽ കാൻസർ ചികിത്സയ്ക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ലഭ്യമാക്കുന്നു എന്നുള്ളതാണ്. ഏത് തരത്തിലുള്ള രോഗമായാലും എല്ലാ തരം കാൻസർ ചികിത്സയും ഇവിടെ ലഭ്യമാണ്. അങ്ങനെയുള്ള കാൻസർ സെന്ററുകൾ മദ്ധ്യകേരളത്തിലും വടക്കൻ കേരളത്തിലും ഉണ്ടാകേണ്ട ആവശ്യകത സർക്കാരിന് ബോദ്ധ്യമായിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാൻസർ ചികിത്സയ്ക്കായി സംവിധാനങ്ങൾ ഏർപ്പെടുത്തി വരുന്നുണ്ട്. അവിടെ Tele-cobalt Therapy Unit ഉടൻതന്നെ ആരംഭിക്കുന്നതാണ്. കൂടാതെ ഓങ്കോളജി വിഭാഗം തുടങ്ങുന്നതിനുവേണ്ടി 1.80 കോടി രൂപയുടെ കേന്ദ്ര സഹായത്തോടെ ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി പൂർത്തിയാക്കിക്കഴിഞ്ഞു. സ്തനാർബ്ബുദം കണ്ടുപിടിക്കുന്നതിനുള്ള മാമോഗ്രഫി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. റീജിയണൽ കാൻസർ സെന്ററിന്റെ സഹകരണത്തോടെ ഒരു കാൻസർ കെയർ സെന്റർ തുടങ്ങുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ മുമ്പിലുണ്ട്. പക്ഷേ പുതിയ കാൻസർ കെയർ സെന്റർ തുടങ്ങുന്നതിന് ഏറ്റവും ചുരുങ്ങിയത് 40 കോടി രൂപ ചെലവ് വരും. ആർ.സി.സി.യുടെ പ്രവർത്തന ചെലവ് ഒരു വർഷത്തേയ്ക്ക് 22 കോടി രൂപയാണ്. ഇപ്പോൾ സംസ്ഥാന സർക്കാർ വെറും 3 കോടി രൂപ മാത്രമാണ് ഒരു വർഷം കൊടുക്കുന്നത്. അപ്പോൾ ചെറിയ തോതിൽ യൂസർ ഫീസ് ഏർപ്പെടുത്തിക്കൊണ്ട് താഴ്ന്ന വരുമാനക്കാർക്ക് പോലും ചികിത്സ നൽകാൻ ആർ.സി.സി.ക്ക് കഴിയുന്നില്ല. സൗജന്യ ചികിത്സയ്ക്കുതന്നെ 8 കോടി രൂപ വരുന്നുണ്ട്. അങ്ങ് പറഞ്ഞ നിർദ്ദേശം പെട്ടെന്ന് പ്രാവർത്തികമാക്കാൻ അൽപം പ്രയാസമുണ്ട്. എന്നിരുന്നാലും കാൻസർ രോഗ ചികിത്സയ്ക്ക് ആവശ്യമായ ചെറിയ സൗകര്യം തൃശ്ശൂർ മെഡിക്കൽ കോളേജിൽ നടപ്പിലാക്കാൻ വേണ്ട നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് അറിയിക്കുന്നു.

(6) തൃശ്ശൂർ ജില്ലയിലെ എയിഡഡ് അദ്ധ്യാപകരുടെ നിയമനം

ശ്രീ. ടി. എൻ. പ്രതാപൻ: സർ, സംസ്ഥാനത്തിലെ എയിഡഡ് സ്കൂളുകളിൽ പുതിയതായി നിയമനം ലഭിച്ച അദ്ധ്യാപകർക്ക് ഒന്നര വർഷമായിട്ടും ശമ്പളം ലഭിക്കുന്നില്ല. 16-1-2002-ലെ ഉത്തരവു പ്രകാരം സാമ്പത്തിക നിയന്ത്രണം ഏർപ്പെടുത്തിയതിന്റെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly

നിയമനത്തിന് അംഗീകാരം ലഭിക്കാതെ തൃശ്ശൂർ ജില്ലയിൽ മാത്രം 1,200 ഓളം അദ്ധ്യാപകർ ഈ രീതിയിൽ ഒന്നര വർഷമായി ശമ്പളമില്ലാതെ ജോലി ചെയ്യുകയാണ്. ഗവൺമെന്റ് അപ്രൂവലോടുകൂടി നിയമിച്ച 5,000 അദ്ധ്യാപകരാണ് ഇങ്ങനെ ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് അടിയന്തിരമായി ഈ അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുന്നതിന് വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യവും എക്സൈസും വകുപ്പുമന്ത്രിയും ഒരു പ്രത്യേക കരുണ കാണിക്കണമെന്നുകൂടി താൽപ്പര്യപ്പെടുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഈ പ്രശ്നത്തിൻമേൽ പൊതു മാനദണ്ഡം, കട്ട് ഓഫ് ഡേറ്റ് വച്ചിട്ടുണ്ട്. അതിനുശേഷമാണോ അതിനു മുമ്പാണോ എന്നുള്ളത് മാത്രമാണ് നോക്കാനുള്ളത്. അതിനു മുമ്പാണെങ്കിൽ ഇങ്ങനെയൊരു സ്ഥിതി വരാൻ ഇടയില്ല. മറ്റു ജില്ലകളിൽ കൊടുത്തു എന്ന് പറയുന്നതും ശരിയല്ല എന്നാണ് എനിക്ക് കിട്ടിയിരിക്കുന്ന റിപ്പോർട്ട്. 29-10-2001-ന് ശേഷമുള്ള നിയമനങ്ങളാണെങ്കിൽ അംഗീകരിക്കാൻ ചില വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ നിർവ്വാഹമുള്ളൂ. അതിന് മുമ്പുള്ളതാണെങ്കിൽ പരിശോധിക്കാം.

(7) ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ നിയമനം

ശ്രീ. ടി. കെ. ദേവകുമാർ: സർ, കേന്ദ്ര ഗവൺമെന്റ് 75 ശതമാനവും സംസ്ഥാന ഗവൺമെന്റ് 25 ശതമാനവും ചെലവഴിച്ചുകൊണ്ട് നടത്തുന്ന തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളാണല്ലോ 15 വർഷമായി കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ. അവിടെ പി.എസ്.സി. റൂൾസ് അംഗീകരിച്ചിട്ടില്ലാത്തതുകൊണ്ട് സ്ഥിരം നിയമനം നടക്കുന്നില്ല. പ്രൈവറ്റ് സ്കൂളുകളിൽ ആണെങ്കിൽ മാനേജർമാർ സ്ഥിരം അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. ഇപ്പോൾ 300 ഓളം സ്ഥാപനങ്ങളാണല്ലോ ഉള്ളത്, അതിൽ വൊക്കേഷണൽ നോൺ വൊക്കേഷണൽ കോഴ്സുകൾക്ക് ഉണ്ടായിരുന്ന മുഴുവൻ അദ്ധ്യാപകരെയും ഗവൺമെന്റ് സ്കൂളുകളിൽ ആഗസ്റ്റ് 30-ന് ഡെപ്യൂട്ടേഷൻ തീർത്ത് തിരിച്ചയക്കുകയാണ്. ഇത് വൊക്കേഷണൽ ഹയർ സെക്കന്ററിയുടെ ഡയറക്ടർ തസ്തികയിൽ മാത്രം ഈ ഡെപ്യൂട്ടേഷൻ നിയമനം നടത്തിയാൽ മതി, പക്ഷേ ഇത് നീണ്ടുപോകുകയാണ്. പ്രൈവറ്റ് സ്കൂളുകളിൽ അദ്ധ്യാപകർ ഉണ്ട്. അതേ സമയം ഗവൺമെന്റ് സ്കൂളുകളിൽ അദ്ധ്യാപകരെ ഈ ഡെപ്യൂട്ടേഷൻ കാലാവധി തീരുന്നതുകൊണ്ട് നിയമിക്കുന്നില്ല. അടിയന്തിരമായി നിർദ്ദേശം കൊടുത്തിട്ട് വൊക്കേഷണൽ ഹയർ സെക്കന്ററി ഗവൺമെന്റ് സ്കൂളുകളിൽ ഈ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. ഒപ്പം 50 പുതിയ സ്കൂളുകൾ അനുവദിക്കാൻ ഉത്തരവായിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ സഹായം ഉറപ്പായിരിക്കുന്നുവെന്നുള്ളത് ഇത് പിന്നോക്ക പ്രദേശങ്ങളിൽ സർക്കാർ സ്കൂളുകളിലേക്ക് കൊടുക്കുന്നതിനും ഒരു മുൻഗണന പാലിക്കണമെന്നും ഈ വൊക്കേഷണൽ ഹയർ സെക്കന്ററി ഗവൺമെന്റ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനം താമസം വരുത്താതെ നടപ്പിലാക്കി ഗവൺമെന്റ് സ്കൂളുകളെ നിലനിർത്താൻ സഹായിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

10.00 A. M.]

LIBRARY ARCHIVES Kerala Legislative Assembly